ഉത്തരം

സംസ്ഥാനത്തെ സർക്കാർ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ ധനകാര്യവകുപ്പിൽ നിന്ന് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളുടെ വിശദാംശം താഴെപ്പറയുന്നു.

1) ധനകാര്യവകുപ്പിന്റെ കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്കായി 507.06 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഈ മേഖലയിലേക്ക് നിക്ഷേപം ആകർഷിക്കുവാൻ വേണ്ടി നിക്ഷേപർക്ക് ആകർഷകമായ പലിശ വാഗ്ദാനം ചെയ്തിട്ടുണ്ട്. 13.25% അർദ്ധ വാർഷിക നിരക്കിലും 13.69% വാർഷിക നിരക്കിലുമാണ് പലിശ. ഇതിൻപ്രകാരം ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, മ്യൂച്ചൽ ഫണ്ടുകൾ, ഇൻഷ്വറൻസ് കമ്പനികൾ, പോർട്ട് ട്രസ്റ്റ് സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവർ ഈ ഫണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. 7 വർഷത്തിനുശേഷം നിക്ഷേപത്തുക തിരിച്ചു നൽകും. നിക്ഷേപകർ ആവശ്യപ്പെടുന്നപക്ഷം വർഷത്തിനുശേഷം തുക തിരിച്ചു കൊടുക്കുവാൻ വ്യവസ്ഥയുണ്ട്.

2) റിസർവ് ബാങ്കിന്റെയും കേന്ദ്ര ഗവണ്മെന്റിന്റെയും നിർദ്ദേശങ്ങളും ചട്ടങ്ങളും അടിസ്ഥാനമാക്കി മുൻവർഷങ്ങളിലേതുപോലെ ഈ ധനകാര്യ വർഷവും സംസ്ഥാന ഗവണ്മെന്റ് കേരള സംസ്ഥാന വികസന വായ്പയിനത്തിൽ പൊതുജനങ്ങളിൽ നിന്നും, ബാങ്കുകൾ, കമ്പനികൾ, വ്യവസായസ്ഥാപനങ്ങൾ മുതലായവരിൽ നിന്നും ഈ ധനകാര്യവർഷം രണ്ട് തവണയായി 590.90 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇങ്ങനെ സമാഹരിച്ച തുകയ്ക്ക് റിസർവ്വ് ബാങ്ക് നിശ്ചയിച്ച ആകർഷകമായ പലിശ നൽകുന്നുണ്ട്. ഒന്നാം തവണ സമാഹരിച്ച തുകയ്ക്ക 12.25% പലിശയും, രണ്ടാം തവണ സമാഹരിച്ച തുകയ്ക്ക് 11.85% പലിശയുമാണ് നൽകുന്നത്. 10 വർഷത്തിനുശേഷം മേൽ തുക നിക്ഷേപകർക്ക് തിരിച്ചു നൽകും. പഞ്ചവത്സര പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സമാഹരിക്കപ്പെട്ട തുക വിനിയോഗിക്കുന്നത്.

16 (1057) സംസ്ഥാനത്തിന്റെ കടബാദ്ധ്യത

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ അതുവരെ ഉണ്ടായിരുന്ന കടബാദ്ധ്യതയ്ക്ക് പലിശയിനത്തിൽ എന്തു തുക പ്രതിവർഷം അടയ്ക്കണമായിരുന്നു;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യതയുടെ മേൽ പലിശയിനത്തിൽ പ്രതിവർഷം എന്തു തുക കൊടുക്കേണ്ടതായി വരുന്നുണ്ട്;

(സി) പലിശ ഉൾപ്പെടെ ഇപ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്രയെന്ന് പറയുമോ;

(ഡി) 1999 ൽ സംസ്ഥാനം എന്തു തുക കടമെടുത്തു;

(ഇ) എന്തു തുക പ്രതിവർഷം പലിശ നൽകി?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1995-96 ൽ പലിശയിനത്തിൽ നൽകിയ തുക 924.06 കോടി രൂപയാണ്.

(ബി) 1999 മാർച്ച് 31 ലെ കണക്കനുസരിച്ച് മുൻവർഷങ്ങളിലെ കട ബാദ്ധ്യതകളിന്മേലുള്ള പലിശ ഉൾപ്പെടെ നൽകിയ പലിശ 1446.12 കോടി രൂപയാണ്.

(സി) 1998-99 കണക്കനുസരിച്ച് 5375.05 രൂപയാണ്.

(ഡി) 1998-99 ൽ 1706.58 കോടി രൂപ.

(ഇ) 1998-99 ൽ 1071.92 കോടിരൂപ (മുൻവർഷങ്ങളിലെ കടത്തിന്റെ പലിശ ഉൾപ്പെടെ)

17 (1058) സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ചു വരുന്ന ഭവന നിർമ്മാണ വായ്പ നിശ്ചിത ആവശ്യത്തിന് വിനിയോഗിക്കാത്തതായ പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം വായ്പ വാങ്ങിയവരിൽ നിന്നും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് വകുപ്പ് മേധാവികൾ വാങ്ങിയിട്ടുണ്ടോ;

(സി) ഭവന നിർമ്മാണ വായ്പ ആവശ്യമായിട്ടുള്ളവർക്കും അർഹമായിട്ടുള്ളവർക്കും പ്രസ്തുത തുക ഉപയോഗിക്കുന്നവർക്കും മാത്രം അനുവദിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 28.4.1993 ലെ സർക്കുലർ നം. 28/93/ധന. പ്രകാരം യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഒരു വർഷത്തിനുള്ളിൽ സമർപ്പിച്ചിരിക്കണമെന്ന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പ തുക ദുർവിനിയോഗം ചെയ്യുന്ന കേസ്സുകൾ ഉണ്ടെങ്കിൽ അവ സർക്കുലറിൽ നിർദ്ദേശിച്ച പ്രൊഫോർമ പ്രകാരം ധനകാര്യവകുപ്പിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കേരള ഫിനാൻഷ്യൽ കോഡിലെ ഭവന നിർമ്മാണ വായ്പ ചട്ടങ്ങൾ അനുസരിച്ചാണ് ഇപ്പോൾ വായ്പ അനുവദിക്കുന്നത്.

18 (1059) സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും എണ്ണം സംബന്ധിച്ച്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly